# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **464** — **27.09.2016**- ൽ മറുപടിക്ക്

## സഹകരണ മേഖലയുടെ ആശങ്ക

**ചോദ്യം**
**ശ്രീ. കെ.വി.വിജയദാസ്**

**മറുപടി**
**ശ്രീ. എ.സി.മൊയ്തീൻ**
(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

എ) കേരളത്തിലെ സഹകരണ മേഖലയിൽ റിസർവ് ബാങ്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ സഹകരണ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുന്ന താണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(എ) സഹകരണ ബാങ്കിംഗ് മേഖലയിൽ ആർ.ബി.ഐ നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ/നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ നിലവിലുള്ള പ്രവർത്തനങ്ങളെ പ്രതിസന്ധി യിലാക്കുന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

റിസർവ്വ് ബാങ്കിന്റെ വായ്പാ നയത്തിന്റെ ഭാഗമായി സി.ആർ.ആർ (Cash Reserve Ratio)/ എസ്.എൽ.ആർ (Statutory Liquidity Ratio) നിരക്കുകളിൽ വരുന്ന മാറ്റം, സഹകരണ ബാങ്കുകൾ ധനസഹായ ബാങ്കുകളിൽ നിക്ഷേപിച്ചിരുന്ന എസ്.എൽ.ആർ നിക്ഷേപം ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കണമെന്ന നിർദ്ദേശം,സംസ്ഥാന/ ജില്ലാ സഹകരണ ബാങ്കുകൾ 31.03.2017 -ൽ 9% മൂലധന പര്യാപ്തത അനുപാതം കൈവരിക്കണമെന്ന നിർദ്ദേശം, റിസർവ്വ് ബാങ്ക് ലൈസൻസുള്ള സഹകരണ ബാങ്കുകൾ ഒഴികെ മറ്റ് സഹകരണ സ്ഥാപനങ്ങൾ വോട്ടവകാശ-മില്ലാത്ത അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കാനോ, ബാങ്ക് എന്ന പദം അവരുടെ പേരിനൊപ്പം ചേർക്കാനോ പാടില്ലെന്ന വ്യവസ്ഥ, സഹകരണ ബാങ്കുകൾക്ക് വിതരണം ചെയ്യാവുന്ന വായ്പകളുടെ പരിധി, ഭവന വായ്പാ വിതരണം എന്നിവയിലുള്ള നിയന്ത്രണം, സഹകരണ ബാങ്കുകളുടെ മേൽ ഏർപ്പെടുത്തുന്ന പ്രവർത്തന നിയന്ത്രണങ്ങൾ തുടങ്ങിയവ സഹകരണ ബാങ്കുകളുടെ നിലവിലുള്ള പ്രവർത്തനത്തെ ബാധിക്കുന്നതാണ്.

.....2

ബി) ഈ പ്രശ്നം മറികടക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

(ബി) റിസർവ് ബാങ്കിന്റെ മേൽനയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സഹകരണ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് ലഭിച്ചു കൊണ്ടിരുന്ന പ്രത്യേക പരിഗണന തുടർന്നും സഹകരണ മേഖലയ്ക്ക് ലഭിക്കുന്നതിനുമായി നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനത്തിലൂടെ അഭ്യർത്ഥിച്ചിട്ടുണ്ട്.

ഇത്തരം പ്രശ്നങ്ങൾ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ ചർച്ച ചെയ്യുകയും നബാർഡ്/ റിസർവ് ബാങ്ക് എന്നിവയുടെ ശ്രദ്ധയിൽ കൊണ്ടു വരുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ശ്രദ്ധ ആവശ്യമായ വിഷയങ്ങൾ സംസ്ഥാനത്ത് നിന്നുള്ള എം.പി മാർ മുഖേന മുന്നോട്ടു വയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ